# വിപശ്യനാ പത്രിക

*സയാജി ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 4 : എപ്രിൽ 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*ഹിന്ദു ഹോ യാ ബൗദ്ധ ഹോ,*
*മുസ്ലിം ഹോ യാ ജൈൻ,*
*ജബ് ജബ് മന് മൈലാ കരേ,*
*തബ് തബ് ഹോ ബേചൈൻ.*

ഹിന്ദുവാട്ടെ, ബൗദ്ധനാട്ടെ,
മുസ്ലീമൊ ജൈനൊവാകട്ടെ,
എപ്പോളെപ്പോൾ മനം മലിനം,
അപ്പോളപ്പോൾ അസ്വസ്ഥം.

— **എസ. എൻ. ഗോയങ്ക**

## ഉപദേശം മാത്രമല്ല, പ്രാവർത്തികമാക്കാൻ പഠിപ്പിക്കുന്നു

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 39 ാം ഭാഗം)*

നമ്മുടെ ഒരു മഹത്തായ രാജ്യമാണ്. വളരെ പുരാതനം, വളരെ പാവനം, അദ്ധ്യാത്മ രാജ്യമാണ്. ഇത് ബുദ്ധൻമാരുടെ രാജ്യമാണ്. അരഹന്തൻമാരുടെ രാജ്യമാണ്. സ്ഥിതപ്രജ്ഞൻമാരുടെ രാജ്യമാണ്. രാഗവിഹീനനായി, ദ്വേഷവിഹീനനായി, മോഹ വിഹീനനായി ഭവസംസംസരണത്തിൽ നിന്നും വിമുക്തരായ മഹർഷിമാരുടെ രാജ്യമാണ്. മഹാ മുനിമാരുടെ രാജ്യമാണ. ഇത്തരം വിമുക്ത അവസ്ഥയിൽ എത്തിച്ചേർന്ന വ്യക്തി ജനങ്ങൾക്ക് ധർമ്മം കൊടുക്കുകയാണെങ്കിൽ, വെറും ഉപദേശം മാത്രമല്ല കൊടുക്കുക. ആ ഉപദേശങ്ങളെ എങ്ങനെ ജീവിതത്തിൽ കൊണ്ടുവരും – അതിനായി ഈ വിപശ്യന വിദ്യ കൊടുക്കുന്നു. പതുക്കെ പതുക്കെ ജീവിതത്തിൽ ധാരണം ചെയ്യാനുള്ള വിദ്യ നഷ്ടമാകുന്നു. അവരുടെ വാണി ഇവിടെ അവിടെ ചിതറിക്കിടന്നതുകൊണ്ട്, എല്ലാ പരമ്പരകളുടെയും ധർമ്മഗ്രന്ഥങ്ങളിൽ ലഭിക്കുന്നു. മാത്രമല്ല ജനങ്ങൾ ധാരണം ചെയ്യാതെ അതിന്റെ ചർച്ച ചെയ്യുന്നു. പ്രശംസിക്കുന്നു. അതിനെപ്പറ്റി മനസ്സിൽ ഗർവ്വിഷ്ടരാകുന്നു – നമ്മുടെ ദേശം ഇങ്ങനെയാണ്, നമ്മുടെ ദേശം മഹാനാണ്.

ജീവിതത്തിൽ കൊണ്ടുവരാനുള്ള കാര്യം തന്നെ നഷ്ടമായി. വീണ്ടും ഏതെങ്കിലും ബുദ്ധൻ ഉത്പ്പന്നമാകുന്നു, സമ്യക്സംബുദ്ദൻ ഉത്പ്പന്ന മാകുന്നു. അപ്പോൾ കേവലം ഉപദേശം മാത്രമല്ല നല്കുക. അങ്ങനെയെങ്കിൽ സമ്യക് സംബുദ്ധൻ ആകില്ല. സമ്യക് സംബുദ്ധൻ ഈ അർത്ഥത്തിലാണ് ആയത് എന്തെന്നാൽ അനേക ജന്മങ്ങളായി അധ്വാനം ചെയ്തു ചെയ്ത്, പരിശ്രമം ചെയ്തു ചെയ്ത്, പുരുഷാർത്ഥം ചെയ്തു ചെയ്ത്, ധർമ്മ ബലം സംഗ്രഹം ചെയ്തു ചെയ്ത് പുണ്യ പാരമിതകളുടെ ബലം സംഗ്രഹം ചെയ്തു ചെയ്ത് ഈ അവസ്ഥയിൽ എത്തിച്ചേർന്നു – എന്നിട്ട് നഷ്ടപ്പെട്ട മാർഗ്ഗത്തെ തിരഞ്ഞു കണ്ടു പിടിച്ചു – എന്നിട്ട് അതിനാൽ സ്വയം മുക്തനായിട്ട് ജനങ്ങൾക്ക് മുക്തിക്കുള്ള വഴി കൊടുത്തു.

ഈ വ്യക്തി വെറും ഉപദേശമല്ല കൊടുക്കുന്നത്, ഈ വ്യക്തി ചെയ്യാനും പഠിപ്പിക്കുന്നുണ്ട്, ഇതിനെ പ്രാവർത്തികമാക്കാനും പഠിപ്പിക്കുന്നുണ്ട് എന്ന് വിവേകമുള്ള ജനങ്ങൾ എപ്പോൾ കേട്ടുവോ, ആകർഷിക്കപ്പെടാൻ തുടങ്ങി. ദേശത്തിലെ വിവേകരായ ജനങ്ങൾ, പ്രബുദ്ധരായ ജനങ്ങൾ വിദ്യാഭ്യാസമുള്ള ജനങ്ങൾ ആകർഷിക്കപ്പെട്ടു. പ്രത്യക്ഷത്തിൽ കാണുകയാണ്. ഏതെങ്കിലും വ്യക്തി ഈ പരയപ്പെട്ട മാർഗ്ഗത്തിൽ നടക്കുകയാണ്, ഈ വിദ്യയുടെ അഭ്യാസം ചെയ്യുകയാണ്, ഉടൻ തന്നെ ഫലം തരുന്ന വിദ്യയാണ്, ഇവിടെ തന്നെ ഫലം തരുന്നു. പ്രത്യക്ഷത്തിൽ കാണുകയാണ്, ജനങ്ങളുടെ മംഗളം ആകുകയാണ്. എപ്രകാരമാണ്, ജനങ്ങൾ രാഗമുക്ത രായിക്കൊണ്ടിരിക്കുന്നത്, ദ്വേഷമുക്തരായിക്കൊണ്ടി രിക്കുന്നത്, മോഹമുക്തരായിക്കൊണ്ടിരിക്കുന്നത്. അതിനാൽ ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു.

ദേശത്തിലെ ശിക്ഷിത വർഗ്ഗമായ ബ്രാഹ്മണൻമാർ കൂട്ടം കൂട്ടമായി വരാൻ തുടങ്ങി. ഇത്ര വലിയ സംഖ്യയിൽ വരാൻ തുടങ്ങി. ആരെല്ലാം അദ്ദേഹത്തിന്റെ പ്രമുഖ ശിഷ്യരായോ, അവർ ഈ വിദ്യ അഭ്യസിച്ചുകൊണ്ട് സ്വന്തം നന്മ മാത്രമല്ല ചെയ്തത്, ജന നന്മയിൽ ഏർപ്പെട്ടു. ജീവൻ മുഴുവൻ ജനനന്മക്കായി അർപ്പിച്ചു. അവരിൽ ഏകദേശം പകുതി ബ്രാഹ്മണർ തന്നെയായിരുന്നു.

അപ്രകാരം തന്നെ രാജകുടുംബത്തിലെ ജനങ്ങൾ, ഈ രാജാവ് അല്ലെങ്കിൽ ആ രാജാവ്, ഈ രാജകുമാരൻ, ആ രാജകുമാരി, ഈ രാജപുരുഷൻ,

ആ രാജപുരുഷൻ, ഈ മന്ത്രി, ഈ സൈന്ന്യാധിപൻ എത്ര ജനങ്ങളാണ് വരാൻ തുടങ്ങിയത് രാജ്യ ഭരണ കൂടത്തിലെ മാത്രം രാജ പുരുഷരല്ല, സമൂല ഭരണകൂടത്തിലെയും രാജപുരുഷർ. ഈ വ്യക്തി നമ്മളെ വൈരാഗികളാക്കി തീർത്ത് വീടുപേക്ഷി പ്പിക്കാനുള്ളു കാര്യമല്ല പറയുന്നത് എന്ന് ജനങ്ങൾക്ക് മനസ്സിലാകാൻ തുടങ്ങി. ഗൃഹസ്ഥ ജീവനിൽ ജീവിച്ചുകൊണ്ടു തന്നെ നമ്മൾ എങ്ങനെ സമതയുടെ ജീവൻ ജീവിക്കണം, മനസ്സിനെ സന്തുലിതമാക്കി വെക്കണം – കൂടാതെ സ്വന്തം മുഴുവൻ ചുമതലകളെയും നിർവ്വഹിച്ചുകൊണ്ട് എങ്ങനെയാണ് ശരിയായ വഴിയിൽ നടക്കേണ്ടത് – സ്വന്തം മംഗളം ചെയ്യണം, മറ്റുള്ളവർക്കു വേണ്ടിയും മംഗളം ചെയ്യണം. ഇവരിൽ ചിലരാകട്ടെ അത്തരത്തിലുമുണ്ട്, അവർ നോക്കുന്നു, അയ്യോ, ഇത്ര ഉത്തമമായ വഴിയാണ്, ഭവമുക്തനാകാനുള്ള വഴിയാണ്. ഞാൻ വീടും കുടുംബവും തൃജിച്ചു കൊണ്ട്, സന്ന്യാസിയായി, ഭിക്ഷുവായി, ഭിക്ഷുണിയായി, ഇതേ ജീവനിൽ സ്വന്തം ജീവനെ സാർത്ഥകമാക്കാൻ ശ്രമിക്കണം. അത്തരം ജനങ്ങൾ ഭിക്ഷുവാകുന്നു, ഭിക്ഷുണികൾ ആകുന്നു. മുഴുവൻ സമയവും ഇതിൽ ഏർപ്പെടുന്നു. മുക്തരാകുന്നു, എന്നിട്ട് ലോക സേവയിൽ ഏർപ്പെടുന്നു.

ഗൃഹസ്ഥൻമാർക്ക് എത്ര വലിയ സാന്ത്വനമാണ് എന്തെന്നാൽ നിങ്ങൾ ഗൃഹസ്ഥ രായിരിന്നു കൊണ്ടുതന്നെ എത്രയോ നല്ല ജീവൻ ജീവിക്കാവുന്നതാണ്! അയ്യോ, തീർത്തും രാഗവിഹീനരായില്ല, എങ്കിൽ എന്താണ്? എത്ര എത്ര രാഗം നീക്കുമോ, എത്ര എത്ര ആസക്തി നീക്കുമോ, അത്ര അത്ര സമതയുടെ ജീവൻ ജീവിക്കാൻ തുടങ്ങുന്നു. മാത്രമല്ല സമതയുടെ ജീവൻ ജീവിക്കാൻ തുടങ്ങുകയാണെങ്കിൽ സുഖ ജീവൻ ജീവിക്കാൻ തുടങ്ങുന്നു. തനിക്കും നന്മയാകും മറ്റുള്ളവർക്കും നന്മയുടെ കാരണമായിത്തീരും. സ്വസ്ഥഗൃഹസ്ഥരാകും, ആദർശഗൃഹസ്ഥരാകും.

അപ്പോൾ വന്നുകൊണ്ടേയിരിക്കുകയാണ്, രാജകുടുംബത്തിലെ ജനങ്ങൾ ബ്രാഹ്മണ വർഗ്ഗത്തിലെ ജനങ്ങൾ, ഉന്നതകുടുംബത്തിലെ ജനങ്ങൾ, ദേശത്തിലെ കലാകാരൻമാർ, ശില്പകാരൻമാർ, ദേശത്തിലെ തൊഴിലാളികൾ, എല്ലാ തുറകളിലുമുള്ള ജനങ്ങൾ വന്നുകൊണ്ടിരിക്കു കയാണ്. കേൾക്കുകയാണ്– ഇദ്ദേഹത്തിന്റെ പക്കൽ, മനസ്സിനെ വികാരങ്ങളിൽ നിന്നു മുക്തമാക്കി ഉള്ളിൽ ശാന്തി ലബ്ധമാക്കുന്ന, അത്തരം വിദ്യയുണ്ട്.

അയ്യോ, ആർക്കാണ് ശാന്തി വേണ്ടാത്തത്. ധനവാനായാലും, ദരിദ്രനായാലും ശരി. വിദ്വാനായാലും പഠിപ്പില്ലാത്തവനായാലും, പുരുഷ നായാലും, സ്ത്രീയായാലും ശരി. ഒരു വ്യത്യാസവും വരുന്നില്ല. ശാന്തിയാകട്ടെ എല്ലാവർക്കും വേണം. എല്ലാവരും അശാന്തരാണ്. എല്ലാവരും അസ്വസ്ഥരാണ്, അതിനാൽ ജനങ്ങൾ വരാൻ തുടങ്ങി. ഇത്ര വലിയ സംഖ്യയിൽ വരാൻ തുടങ്ങി. അല്ലെങ്കിൽ ജനങ്ങൾ വളരെ കൂടുതൽ അത്തരം ഗുരുവിന്റെ അടുത്തു പോകുന്നു – അദ്ദേഹം പറയും, നിങ്ങൾക്ക് എല്ലാം ഇളവാണ്. ഒരു തരത്തിലുമുള്ള ശീലം പാലിക്കേണ്ട ആവശ്യമില്ല. നിങ്ങളുടെ മനസ്സിൽ എന്തു തോന്നുന്നുവോ അത് ചെയ്യുക. കൊല്ലാൻ തോന്നുകയാണെങ്കിൽ കൊല്ലുക, മോഷ്ടിക്കാൻ തോന്നുകയാണെങ്കിൽ മേഷ്ടിക്കുക, നുണപറയാൺ തോന്നുകയാണെങ്കിൽ നുണ പറയുക, വ്യഭിചാരം ചെയ്യാൻ തോന്നുകയാണെങ്കിൽ വ്യഭിചാരം ചെയ്യുക. എല്ലാകാര്യവും ഇളവാണ്. ലഹരിപദാർത്ഥം ഉപയോഗിക്കുക. എന്നാലും നോക്കൂ, ഞാൻ നിങ്ങൾക്ക് അത്തരം മുക്തിയുടെ മാർഗ്ഗം കാണിക്കാം. നീ അങ്ങനെത്തന്നെ മുക്തനായിത്തീരും. അപ്പോൾ ഇപ്രകാരത്തിലുള്ള ജനങ്ങൾ ആകർഷിക്കപ്പെട്ട് അയാളുടെ അടുത്തും പോകും. വലിയ സംഖ്യയിൽ പോകും. എന്നാൽ ഇത് ചതിയാണെന്ന് മനസ്സിലാക്കുന്നവരുണ്ട്. എവിടെ ശീലസദാചാരം തന്നെയില്ല, അവിടെ ധർമ്മത്തിന്റെ അടിത്തറയില്ല. അയ്യോ, മുക്തിയുടെ വാക്കുകൾ? വികാരമുക്തിയുടെ വാക്കുകൾ? ചിത്തം ശുദ്ധമാക്കാനുള്ള വാക്കുകൾ. നിർത്ഥക ഭാഷണങ്ങൾ.

എന്നാൽ ഈ വ്യക്തിയിൽ നിന്നും പഠിക്കുന്നവർ, ശീലം, സദാചാരത്തിൽ നിന്നു തന്നെയാണ് ആരംഭം ചെയ്യുന്നത് പിന്നെ ചിത്തത്തെ എങ്ങനെയാണ് വശത്താക്കേണ്ടത്? പിന്നെ ചിത്തത്തെ എങ്ങനെയാണ് നിർമ്മലമാക്കേണ്ടത്? ഇങ്ങനെ നിർമ്മലം ചെയ്തു ചെയ്ത് നിത്യ, ശാശ്വത, ധ്രുവത്തിന്റെ ദർശനം ചെയ്യിക്കുന്നു. അതിനാൽ ജനങ്ങൾ വന്നു, വളരെയേറെ വന്നു. എന്നിരുന്നാലും വിരോധം ചെയ്യുന്നവർ വിരോധം ചെയ്തുകൊണ്ടിരുന്നു. കുറച്ചു പാവങ്ങൾ ഇതിനാലാണ് എതിർത്തുകൊണ്ടിരുന്നത് – ഈ വ്യക്തി എന്താണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് അത് അവർക്ക് മനസ്സിലായതേയില്ല. സ്വന്തം പരമ്പരകളിൽ, ദർശനവിശ്വാസ ങ്ങളിൽ, സമ്പ്രദായ ആചാരാനുഷ്ഠനങ്ങളിൽ എത്ര കുരുങ്ങിയിരി ക്കുകയാണ്? ഇത്ര ആസക്തി – ഇവിടെ നമ്മുടെ ദർശനവിശ്വാസത്തിന്റെ ചർച്ചയേ ഇല്ലല്ലൊ, നമ്മുടെ ദർശനവിശ്വാസത്തിന് ഒരു മഹത്വവുമില്ലെ? അതില്ലാതെ തന്നെ മുക്തരാകുമോ? എങ്ങനെ മുക്തമാകും? വലിയ ഒട്ടിപ്പിടിക്കൽ, സ്വന്തം ദർശനവിശ്വാസത്തിൽ വലിയ ഒട്ടിപ്പിടിക്കൽ.

അതിനാൽ അവർക്ക് തോന്നുകയാണ്, ഈ വ്യക്തിയുടെ കാര്യം പരക്കാൻ തുടങ്ങിയാൽ നമ്മുടെ ധർമ്മം തന്നെ അവസാനിക്കും. സമ്പ്രദായം തന്നെ അവസാനിക്കും, ഈ കാര്യത്തെപ്പറ്റിയാണ് ഭയം. ഈ മുഴുവൻ വേലികെട്ടും പൊളിയും. അപ്പോൾ വേലിക്കെട്ടിനുള്ളിലെ ആടുമാടുകൾ പുറത്തുപോകും. അപ്പോൾ നമ്മുടെ കൈയ്യിൽ എന്തുണ്ടാകും? അയ്യോ, ഇതുതന്നെയാണ് ഞങ്ങളുടെ തൊഴിൽ. ഇതുമൂലം തന്നെയാണ് ഞങ്ങൾക്ക് പ്രതിഷ്ഠയും, സമ്മാനവും ലഭിക്കുന്നത്. ഞങ്ങളുടെ തൊഴിൽ ഇതുമുഖേന തന്നെയാണ് നടക്കുന്നത്. എന്നാൽ ഇതുതന്നെ അവശേഷി ക്കില്ലെങ്കിൽ എന്തവശേഷിക്കാനാണ്? ചിലർ ഈ കാര്യങ്ങൾ മൂലവും, ചിലർ മനസ്സിലാക്കാത്തതു മൂലവും, ചിലർ സ്വന്തം സ്വാർത്ഥത്തിന്റെ കാരണത്താലും വിരോധം ചെയ്തു, വളരെ വിരോധം ചെയ്തു.

എന്തു വിരേധം ചെയ്യാനാണ്? അദ്ദേഹത്തെ എങ്ങനെ നിന്ദിക്കാനാണ്? അദ്ദേഹം എന്തു പഠിപ്പിക്കുന്നോ അതിനെ എങ്ങനെ നിന്ദിക്കാനാണ്? അതിനാൽ തർക്കിക്കാൻ പോയി, വാദവിവാദം ചെയ്യാൻ പോയി. അപ്പോൾ കണ്ടു, ഇദ്ദേഹം തർക്കത്തിൽ കുടുങ്ങുന്നേ ഇല്ല. ഇദ്ദേഹം വാദവിവാദത്തിൽ കുടുങ്ങുന്നേയില്ല. പറയുകയാണ്,

സഹോദരാ, ഞാൻ ശീലപാലനം പഠിപ്പിക്കുന്നു. മനസ്സിനെ വശത്താക്കാനായി സമാധി പഠിപ്പിക്കുന്നു. മനസ്സിനെ നിർമ്മലമാക്കാൻ സ്വന്തം ജ്ഞാനം, പ്രജ്ഞ ഉണർത്താൻ പഠിപ്പിക്കുന്നു. അതിൽ സ്ഥിതമായിക്കൊണ്ട് പരമമുക്ത അവസ്ഥവരെ പോകുന്നതിനുള്ള വഴി പഠിപ്പിക്കുന്നു. ഇതിൽ എന്തു വിരോധം ചെയ്യാനാണ്

അതിനാൽ വാദിക്കാനേ വഴിയില്ല. മാത്രമല്ല നല്ല നല്ല വിദ്വാൻ വന്നിട്ട് പറഞ്ഞു – സഹോദരാ, ഇദ്ദേഹം ധർമ്മവാദിയാണ്. ധർമ്മത്തെപ്പറ്റി ഇദ്ദേഹവുമായി നമുക്ക് തർക്കിക്കാൻ സാധിക്കില്ല. ശുദ്ധധർമ്മത്തിന്റെ കാര്യമാണ് പറയുന്നത്. അപ്പോൾ എന്തു ചെയ്യാനാണ്? ഇദ്ദേഹത്തിന്റെ ജോലിയാകട്ടെ നിറുത്തുകതന്നെ വേണം. അതിനാൽ ഏതെങ്കിലും തരത്തിൽ ഇദ്ദേഹത്തിൽ ദോഷം ആരോപിക്കുക. ദോഷമില്ലെങ്കിൽ തന്നെ നുണയായ ദോഷം ആരോപിക്കുക. അപ്പോൾ ജനങ്ങൾ ഇദ്ദേഹത്തിന്റെ അടുത്തു വരുന്നത് നിറുത്തും. സന്ന്യാസിയല്ലെ, വീടുവിട്ടതാണ് അതിനാൽ രണ്ടു തരത്തിലുള്ള ദോഷം ആരോപിക്കാവുന്നതാണ്. ഒന്ന് (കാഞ്ചനം) സ്വർണ്ണത്തിന്റെ, ഒന്ന് കാമിനിയുടെ. സ്വർണ്ണത്തിന്റെ ആരോപണം എങ്ങനെ ആരോപിക്കും, ഇത്ര വലിയ രാജഭരണം ഉപേക്ഷിച്ച് വന്നതാണ്. മുഴുവൻ വൈഭവ വിലാസവും ഉപേക്ഷിച്ചു വന്നതാണ് കൂടാതെ സ്വന്തം കൈയ്യിൽ ഒന്നും വക്കുന്നേയില്ല. എങ്ങനെ ദോഷം ആരോപിക്കും?

കാമിനിയുടെ ദോഷം ആരോപിക്കാവുന്നതാണ് എന്തെന്നാൽ ഇദ്ദേഹം പുരുഷൻ മാരെ മാത്രമല്ല, സ്ത്രീകളെയും ധർമ്മം പഠിപ്പിക്കുന്നുണ്ട്. ശരി, ഒരു യോജന തയ്യാറാക്കി. ഒരു പാവം പെൺകുട്ടി, യുവതി, ചിഞ്ച എന്നു പേരുള്ള യുവതി. ശരിക്കും പഠിപ്പിച്ച് അവളെ തയ്യാറാക്കി. അവൾ എല്ലാ വൈകുന്നേരവും ശരിക്കും മേക്അപ്പ് ചെയ്ത് പോയി – ഭഗവാന്റെ ആശ്രമത്തിൽ, വിഹാരത്തിൽ പോയി രാത്രി കഴിച്ചു കൂട്ടി. എങ്ങാനും ഏതെങ്കിലും മരത്തിന്റെ ചുവട്ടിൽ കിടന്നുറങ്ങി എന്നിട്ട് രാവിലെ അഴിഞ്ഞുലഞ്ഞ തലമുടിയുമായി പുറത്തു പോയി നഗരത്തിലെ ജനങ്ങളോട് പറഞ്ഞു, ഇന്നത്തെ രാത്രി തഥാഗതന്റെ ജേതവനത്തിലെ വിഹാരത്തിൽ കഴിച്ചുകൂട്ടി. ഇന്നത്തെ രാത്രിയാകട്ടെ തഥാഗതന്റെ ജേതവന വിഹാരത്തിൽ... അയ്യോ, ഇവൾ എന്താണ് പറയുന്നത്? ഇവൾ എന്താണ് പറയുന്നത്? രണ്ടു ദിവസം, നാലു ദിവസം, അഞ്ചു ദിവസം, ഏഴു ദിവസം ഇത്തരം ചർച്ച നടന്നു, പിന്നെ കാര്യം അവസാനിച്ചു. എട്ടു മാസമായി. മുഴുവൻ പ്ലാനും വളരെ നിശ്ചിത രൂപത്തിലാണ്.

എട്ടു മാസമായി, ഭഗവാൻ ജനങ്ങൾക്ക് ധർമ്മം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വളരെ വലിയ സംഖ്യയിൽ ഭിക്ഷുവുണ്ട്, ഭിക്ഷുണികളുണ്ട്. അവരിലും കൂടുതൽ എണ്ണത്തിൽ ഗൃഹസ്ഥരുണ്ട്, പുരുഷരുണ്ട്, സ്ത്രീകളുണ്ട്. ദേശത്തിലെ രാജാവ് പ്രസേനജിത്ത് ഉണ്ട്. അനാഥപിണ്ഡകൻ ഉണ്ട്. സൈന്യാധിപൻ, പ്രധാനമന്ത്രി മഹാബന്ധുൽ ഇരിക്കുകയാണ്. മുഴുവൻ ശിഷ്യരും ഇരിക്കുകയാണ്, ഭഗവാൻ ധർമ്മം പഠിപ്പിക്കുകയാണ്. എല്ലാവരും ഏകാഗ്ര ചിത്തത്തോടെ കേൾക്കുകയാണ്. ഇത്രയായപ്പോൾ ആ പെൺകുട്ടി സ്വന്തം വയറ്റിൽ ഒരു മരക്കഷണം കെട്ടി, അതിനെ കയറുകൾ കൊണ്ട് കെട്ടി, പുറെ വസ്ത്രവും ഇട്ടുകൊണ്ട് നിലവിളിച്ചുകൊണ്ട് വരികയാണ്, അസഭ്യം വർഷിച്ചുകൊണ്ട് വരികയാണ് – ഏയ് മുണ്ട ശ്രമണാ, നിങ്ങൾക്കുണ്ടാകാൻ പോകുന്ന കുട്ടിക്കായി നിങ്ങളുടെ പക്കൽ വ്യവസ്ഥ ഒന്നുമില്ലെങ്കിൽ നിങ്ങൾക്ക് ഇത്ര ഭക്തരുണ്ടല്ലൊ. അവരോട് പറയുക. അവർ എന്തെങ്കിലും ചെയ്യും. നിങ്ങൾക്ക് എന്തെങ്കിലും ചിന്തയുണ്ടോ. അപ്പോൾ മുഴുവൻ സഭയും സ്തബ്ധരായി, ഇവൾ എന്താണ് പറയുന്നത്? ഇവൾ എന്താണീ പറയുന്നത്?

ഭഗവാന്റെ മനസ്സിൽ മൈത്രി ഉണരുന്നു, കരുണ ഉണരുന്നു. എന്റെ പാവം മകളെ, നീ എന്താണ് പറയുന്നത് ഇതിന്റെ സത്യം നിനക്കും നല്ലപോലെ അറിയാം, എനിക്കും നല്ലപോലെ അറിയാം. വളരെ എളുപ്പമായിരുന്നു, ദേശത്തിലെ രാജാവിനോട് പറയാമായിരുന്നു, ഇവൾ നുണ പറയുകയാണ്, തെറ്റായി ദോഷാരോപണം ചെയ്യുകയാണ്. ഇവൾക്ക് ശിക്ഷ ലഭിക്കുക തന്നെ വേണം. എങ്കിൽ രാജാവ് അവളുടെ തല വെട്ടിക്കുമായിരുന്നു. എങ്കിൽ ബുദ്ധൻ ബുദ്ധനാകുമായിരുന്നില്ല. സ്നേഹം തന്നെയാണ് ഉണരുന്നത്, മൈത്രി തന്നെയാണ് ഉണരുന്നത്.

'കത്വാന കട്ഠമുദരം ഇവ ഗബ്ബിനീയാ, ചിഞ്ചായ ദുട്ഠ വചനം ജനകായ മജ്ജെ'. – വയറ്റിൽ തടി കെട്ടിക്കൊണ്ട്, ചിഞ്ച ജനങ്ങൾക്കിടക്ക് (ദുഷ്ഠ വചനം) അസഭ്യം വർഷിച്ചു കൊണ്ട് വന്നു, അപ്പോൾ – 'സന്തേന സോമ വിധിനാ ജിതവാ മുനിന്ദോ, സന്തേന സോമ വിധിനാ.' – ശാന്തി സൗമ്യതയോടെ, മൈത്രിയോടെ, കരുണയോടെ അവളെ ജയിച്ചു.

വേണമെങ്കിൽ പറയാം അത്ഭുതമായി – മുകളിൽ ഇന്ദ്രമഹാരാജാവ് നോക്കി, അദ്ദേഹത്തിന്റെ ആസനം ഇളകി. അയ്യോ, ഭൂമിയിൽ എന്തോ പ്രശ്നം നടക്കുകയാണ്, അദ്ദേഹം ഭൂമിയിൽ വന്നു, ഒരു എലിയുടെ രൂപം ധാരണം ചെയ്തുകൊണ്ട് ആ പെൺകുട്ടിയുടെ വസ്ത്രത്തിനടിയിൽ കടന്നുകൊണ്ട് ആ ചരടിനെ ഒക്കെ മുറിച്ചു. മരക്കഷണങ്ങൾ പുറത്തു വീണു – ഭക്തരുടെ ഭാഷണം അവരുടെ സ്ഥാനത്ത്, ശരിയായിരിക്കാം. കാര്യം മനസ്സിലാക്കേണ്ടതുണ്ട് – പാവം പരിഭ്രമിച്ചിരിക്കാം. അവളെ പഠിപ്പിച്ചതിതിനാണ് – നീ അസഭ്യം വർഷിക്കുമ്പോൾ അവിടെ നിന്നും ഞങ്ങളും അസഭ്യം വർഷിക്കാം, ഞങ്ങളുടെ ഒപ്പം ഇത്ര ഗുണ്ടകളുമുണ്ട്, ബഹളമാകും, കഴിഞ്ഞു, പേരുദോഷമായി. കാര്യം സമാപ്തമായി.

അപ്രകാരം ഒന്നും തന്നെ ഉണ്ടായതേയില്ല. ആരെ അസഭ്യം പറയുന്നോ, അദ്ദേഹം പുഞ്ചിരിക്കുകയാണ് എന്നിട്ട് പറയുകയാണ് – സത്യം നിനക്കും അറിയാം, എനിക്കും അറിയാം അദ്ദേഹത്തിന് ദേഷ്യവും വരുന്നില്ല. അപ്പോൾ പാവം പരിഭ്രമിച്ചിരിക്കാം. ഇനി എന്തു ചെയ്യും – പരിഭ്രമിച്ച ഉടനെ തന്നെ ആ കയറുകൾ എല്ലാം അയഞ്ഞിരിക്കാം. എന്നിട്ട് അവവീണു പോയിരിക്കാം. എന്തായാലും ശരി, ശാന്തിയാൽ ജയിച്ചു. ക്രോധത്തെ ക്രോധത്താൽ ജയിക്കാൻ സാധ്യമല്ല. വൈരാഗ്യത്തെ വൈരാഗ്യത്താൽ ജയിക്കാൻ കഴിയില്ല. സ്നേഹത്താൽ ജയിക്കാവുന്നതാണ്. അശാന്തിയെ ശാന്തിയാൽ ജയിക്കാവുന്നതാണ്, അധർമ്മത്തെ ധർമ്മത്താൽ ജയിക്കാവുന്നതാണ്. അപ്പോഴെ ബുദ്ധനാകുകയുള്ളു.

ഇതേ പ്രകാരം ഒരു സംഭവം കൂടി. വളരെ സുന്ദരിയായ പെൺകുട്ടിയെ, വിരോധിയായ ഇതേ ജനങ്ങൾ, ഏതോ ഗുണ്ടയോട് പറഞ്ഞു – ഇവളെ വധിക്കുക. ഇന്നും ഇപ്രകാരം നടക്കുന്നുണ്ട്, ഒരു വ്യക്തിയുടെ പ്രാണനുള്ള വില എത്ര? വാടക എത്ര? നല്ലത്, ഇത്ര ലക്ഷം, ശരി, വധിക്കുക. വധിച്ചു വന്നു. ആ ദിനങ്ങളിലും അപ്രകാരം ഉണ്ടായിരുന്നു. ഇവരെ വധിക്കുക. വധിച്ചു – അവളുടെ ശവം കൊണ്ടു പോയി ആരുമില്ലാത്ത സമയത്ത് ജേതവന വിഹാരത്തിൽ, ഏതോ കോണിൽ കുഴിച്ച് മൂടി.

ഇപ്പോൾ കാര്യം പരക്കാൻ തുടങ്ങി. അയ്യോ, ആ സുന്ദരിയായ സന്ന്യാസിനി എവിടെപ്പോയി? ഇപ്പോൾ കാണാനേയില്ല, എന്തുപറ്റി? രാജാവിനോട് പറയുന്നു. അന്വേഷണം നടത്തേണ്ടതുണ്ട്, ഞങ്ങൾക്ക് സംശയമുണ്ട്. സംശയം എന്താണ്? ഈ ജേതവന വിഹാരത്തിൽ – ഗ്രാമത്തിലെ തഥാഗതന്റെ ഭിക്ഷുക്കളുണ്ടല്ലോ, അവർ ശരിയല്ല. അവർ ഈ തരത്തിലുള്ള സംഭവങ്ങൾ നടത്താറുണ്ട്. അതിനാൽ മഹാരാജ്, അവരുടെ അവിടെ പോയി അന്വേഷിക്കേണ്ടതുണ്ട്, പരിശോധിക്കേണ്ടതുണ്ട്. പോകാം സഹോദരാ, രാജാവിന്റെ ജോലിയാണ്. ആൾക്കാരെ അയച്ചു. അന്വേഷിച്ച് അന്വേഷിച്ച് ആ സ്ഥലത്ത് എത്തിച്ചേരുന്നു. ഇവിടെ കുഴിക്കുക, ഞങ്ങൾക്ക് എന്തോ സംശയം അനുഭവമാകുന്നു. കുഴിച്ചപ്പോൾ അവളുടെ ശവം കണ്ടു. ഇപ്പോൾ മുഴുവൻ നഗരത്തിലും ഏറ്റിക്കൊണ്ട് കറങ്ങുകയാണ്, സുന്ദരിയുടെ ശവം ഇതാണ്, സുന്ദരിയുടെ ശവം ഇതാണ്. നോക്കൂ, തഥാഗതനെ, നോക്കൂ ഇദ്ദേഹത്തിന്റെ ഭിക്ഷുക്കളെ – പുറമെ പുറമെ ഇത്തരം കാര്യങ്ങളാണ് പറയുന്നത്. ഇവരുടെ കർമ്മത്തെ നോക്കൂ, ഇവരുടെ ആചരണത്തെ നോക്കൂ. ഭഗവാൻ പുഞ്ചിരിക്കുന്നു. അയ്യോ സഹോദരാ, സ്വന്തം ഭിക്ഷുക്കളോട് പറയുകയാണ് – എന്തിനാണ് ഭയക്കുന്നത്? എന്തിനാണ് പരിഭ്രമിക്കുന്നത്. സത്യം ഉണ്ടല്ലൊ, സത്യത്തിന് വിജയം ഉണ്ടാകും, തന്നെത്താൻ ഉണ്ടാകും. നിങ്ങൾ മൈത്രി കൊടുത്തുകൊണ്ടിരിക്കുക. കരുണ ചിത്തത്താൽ മൈത്രികൊടുത്തു കൊണ്ടേയിരിക്കുക. സത്യത്തിന്റെ വിജയം തന്നെത്താൻ ഉണ്ടാകും.

അഞ്ച് ഏഴ് ദിവസം കൂടി കടന്നുപോയില്ല, ഏതോ കടയിൽ, മദ്യക്കടയിൽ രണ്ടു–നാലു വ്യക്തികൾ കലഹിക്കുകയാണ്. ലഹരിയിലാണ്, അവർ പറയുകയാണ് ഈ ഏതൊന്ന് കിട്ടിയോ അതിന്റെ പകുതി ഭാഗം എന്റെ. അവൻ പറഞ്ഞു, പകുതി എങ്ങനെ? നമ്മൾ നാല് ആൾക്കാരുണ്ട്, വീതിച്ചെടുക്കണം. ഇല്ല, ഞാനല്ലെ കൊന്നത്! എനിക്ക് പകുതി ലഭിക്കേണ്ടതുണ്ട്. പകുതി നിങ്ങൾ വീതിച്ചെടുക്കുക. അയ്യോ, ഇയാൾ ആരെയാണ് കൊന്നത്, കാര്യമെന്താണ്? പിടിച്ചുകൊണ്ടു പോയി. കാര്യം പുറത്തു വന്നു. അയ്യോ, ഇവരാൽ കൊല ചെയ്യിച്ചതാണ്, ചെയ്യിച്ചവർ ഇവരാണ്. തന്നെത്താൻ സത്യം വിജയിക്കപ്പെട്ടു, ധർമ്മം വിജയിക്കപ്പെട്ടു.

മനസ്സ് സമതയിൽ തന്നെ ഇരിക്കണം. മനസ്സിന്റെ സന്തുലനം നഷ്ടമാകരുത്. അപ്പോൾ കാണാം, ധർമ്മം തന്നെത്താൻ സഹായിക്കാൻ തുടങ്ങുന്നു. ധർമ്മത്തിന്റെ മുഴുവൻ ദൃശ്യ, അദൃശ്യ ശക്തികൾ സഹായിക്കാൻ തുടങ്ങുന്നു. നമ്മൾ ധർമ്മത്തെ ധാരണം ചെയ്യണം.

ഒരു സംഭവം കൂടി സംഭവിച്ചു. ജീവൻ ഒരുപാടു സംഭവങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഏതൊ ഒരു വ്യക്തി സ്വന്തം ആചാരാനുഷ്ഠാന ങ്ങളോട്, സ്വന്തം ദർശന വിശ്വാസങ്ങളോട് വളരെ ആസക്തനാണ്. കേൾക്കുകയാണ് എന്റെ ഇന്ന മിത്രം – അദ്ദേഹത്തിന്റെ ശിഷ്യനായി, എന്റെ ഇന്ന ബന്ധുവും അദ്ദേഹത്തിന്റെ ശിഷ്യനായി. അതിനാൽ വളരെ ദേഷ്യം വരുന്നു, വളരെ അപകടകാരിയായ വ്യക്തിയാണ്. അതിനാൽ ദേഷ്യം കൊണ്ട് – ദേഷ്യം പ്രകടിപ്പിക്കാൻ ഭഗവാന്റെ വിഹാരത്തിൽ വരുന്നു, അസഭ്യം വിളിച്ചുകൊണ്ട് വരുന്നു. ശരിക്കും അസഭ്യവർഷം ചെയ്തു കൊണ്ട് വരുന്നു. അടുത്ത് വരുകയാണ്, അസഭ്യം ചൊരിയുകയാണ്. അടുത്തു വരികയാണ്, അസഭ്യം ചൊരിയുകയാണ്. ഭഗവാൻ പുഞ്ചിരിക്കുകയാണ്. വരൂ കാരുണവരേ, വളരെ വ്യാകുലനാണെന്ന് തോന്നുന്നല്ലൊ. കാര്യമെന്താണ്? അയാൾ അസഭ്യം തന്നെ പറഞ്ഞുകൊണ്ടു പോകുകയാണ്, സംഭാഷണം തന്നെ ചെയ്യുന്നില്ല. അപ്പോൾ പറഞ്ഞു, നല്ലത്, ഒരു കാര്യം പറയാമോ? നിങ്ങൾ ആർക്കെങ്കിലും വേണ്ടി ഏതെങ്കിലും സമ്മാനം ഉണ്ടാക്കി, ഏതെങ്കിലും ഉപഹാരം ഉണ്ടാക്കി ആ ഉപഹാരം അയാൾക്ക് കൊടുത്തു – എന്നാൽ ആ വ്യക്തി ഉപഹാരം സ്വീകരിച്ചില്ല എങ്കിൽ ആ ഉപഹാരത്തിന് എന്ത് സംഭവിക്കും? ആ ഉപഹാരത്തിന് എന്തു സംഭവിക്കും?

എന്തു മണ്ട ചോദ്യമാണ്? ഇതും ചോദിക്കാനുള്ള കാര്യമാണോ? ഞാൻ ആർക്കെങ്കിലും സമ്മാനം കൊടുക്കുന്നു അവർ എടുത്തില്ലെങ്കിൽ എന്റെ സമ്മാനം എന്റെ പക്കിലിരിക്കും, അല്ലാതെന്താകാനാണ്? അതിനാൽ കാരണവരെ, ഇതുതന്നെയാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. നീ ഈ അസഭ്യത്തിന്റെ സമ്മാനം കൊണ്ടുവന്നതല്ലെ! ഞാൻ സ്വാകരിച്ചിട്ടില്ല. നിങ്ങളുടെ അസഭ്യങ്ങൾ നിങ്ങളുടെ പക്കൽ. നിങ്ങളുടെ അസഭ്യങ്ങൾ നിങ്ങളുടെ പക്കൽ. വയസ്സൻ വളരെ വിവേകമുള്ളവനായിരുന്നു. ഈ നേർത്ത ആവരണം – സ്വന്തം സമ്പ്രദായ വിശ്വാസങ്ങളുടെ ആസക്തിയുടെ ആവരണം അയാളെ ആലോചിക്കാൻ സമ്മതിച്ചില്ല, മനസ്സിലാക്കാൻ സമ്മതിച്ചില്ലായിരുന്നു. ഇപ്പോൾ കാര്യം ഉടൻ തന്നെ മനസ്സിലായി.

ഇതും ഒരു വ്യക്തിയാണ്, ഞാൻ അസഭ്യത്തിന്റെ സമ്മാനം കൊടുക്കുന്നു, സ്വീകരിക്കുന്നേയില്ല. എന്നാൽ ഞാനും ഒരു വ്യക്തിയാണ് – ആരെങ്കിലും അസഭ്യത്തിന്റെ ഒരു സമ്മാനം കൊണ്ടു വരുന്നു, ഞാൻ തിരിച്ച് പത്തെണ്ണം കൊടുക്കുന്നു. അവൻ പത്തെണ്ണം കൊണ്ടുവരുന്നു, നമ്മൾ നൂറു കൊടുക്കുന്നു. നീയും ദുഖിതൻ, ഞാനും ദുഖിതൻ. നീയും ദുഖിതൻ, ഞാനും ദുഖിതൻ. ഇദ്ദേഹമാകട്ടെ അസഭ്യം സ്വീകരിക്കുന്നതേയില്ല. കൂടാതെ പുഞ്ചിരിക്കുന്നു.

അയ്യോ, സിദ്ധാർത്ഥ ഗൗതം, ശരിക്കും പറഞ്ഞുതരാമോ നിങ്ങൾ എങ്ങനെയാണ് ഈ അസഭ്യം സ്വീകരിക്കാഞ്ഞത്? നിങ്ങളുടെ പക്കൽ എന്തു വിദ്യയാണ്? ഇരിക്കൂ ബാബാ, ഇരിക്കൂ. ശ്വാസത്തെ നോക്കൂ. കണ്ണടച്ച് ശ്വാസത്തെ നോക്കൂ. എന്നിട്ട് നോക്കി നോക്കി നോക്കി ശരീരത്തിന്റെ സത്യങ്ങളെ നോക്കി നോക്കി, സ്വന്തം വികാരങ്ങളെ നോക്കി നോക്കി ഈ ഭരദ്വാജ ബ്രാഹ്മണൻ – ഇത്ര

ക്രോധി, മുഴുവൻ ക്രോധത്തിൽ നിന്നും മുക്തനായി. മുഴുവൻ ദ്വേഷത്തിൽ നിന്നും മുക്തനായി. മുന്നോട്ടുപോയി അരഹന്തനായി. ഇപ്പോൾ ജീവിതം മുഴുവനും ലോകസേവ തന്നെ ലോകസേവ.

അയ്യോ, എവിടെയാണ് കുടുങ്ങിയത്? ഏതു കാര്യത്തിലാണ് കുടങ്ങിയത്? സത്യമാകട്ടെ ഇതാണ്. ധർമ്മമാകട്ടെ ഇതാണ്. മനസ്സിന്റെ വികാരങ്ങൾ പോകുന്നില്ല. മനസ്സ് വികാരങ്ങളാൽ വികൃതമാണ്, എന്നിട്ട് ഈ ആചാരാനുഷ്ഠാനം ചെയ്ത്, ആ ദർശനവിശ്വാസത്തിൽ വിശ്വസിച്ച് – ഇതു ചെയ്ത്, അതു ചെയ്ത് തന്നെ വലിയ ധർമ്മിഷ്ഠനെന്ന് വിശ്വസിക്കുന്നു. അയ്യോ, എത്ര വലിയ ചതിയാണ്, എത്ര വലിയ ചതിയാണ്. ജനങ്ങളെ മനസ്സിലാക്കാനായി പോകുന്നു, പഠിപ്പിക്കുവാൻ. മുഴുവൻ ജീവനും ഇതുതന്നെ ചെയ്യുന്നു.

ഋജുവായ കാര്യം ഇതുതന്നെയാണ്, നമ്മൾ നമ്മളെതന്നെ നന്നാക്കണം. മറ്റാരും നന്നാക്കാനില്ല, കൂടാതെ ഉള്ളിലെ സത്യങ്ങളെ അറിഞ്ഞുകൊണ്ട് ഈ ക്ഷണത്തിന്റെ അധിപതി ആകണം, അപ്പോഴെ നന്നാകുകയുള്ളു. ഈ ക്ഷണം, എന്റെ ചിത്തം എന്തു കർമ്മമാണ് ചെയ്യുന്നത്? ഭാവി അപ്രകാരം തന്നെയാകും. ഭാവി, വർത്തമാനത്തിന്റെ സന്താനമാണ്. അതിനാൽ വർത്തമാനത്തെപ്പറ്റി ഉണർവ്വോടെ ഇരിക്കാൻ പഠിക്കണം.

ഭഗവാൻ പറഞ്ഞു, ഞാൻ ലോകത്തിൽ നാലു തരത്തിലുള്ള വ്യക്തികളെ കാണുന്നുണ്ട്. ഒന്നാമത്തെ വിഭാഗത്തിലുള്ളവർ അന്ധകാരത്തിൽ നിന്നും അന്ധകാരത്തിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്, അന്ധകാരത്തിൽ നിന്നും അന്ധകാരത്തിലേക്ക്. രണ്ടാമത്തെ വിഭാഗത്തിലുള്ളവർ പ്രകാശത്തിൽ നിന്നും അന്ധകാരത്തിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്. മൂന്നാമത്തെ വിഭാഗത്തിലുള്ളവർ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്. നാലാമത്തെ വിഭാഗത്തിലുള്ളവർ പ്രകാശത്തിൽ നിന്നും പ്രകാശത്തിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം ഒരിക്കലും കടങ്കഥകളിൽ ഉപദേശം കൊടുത്തില്ല. എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെ മനസ്സിലാക്കിക്കൊടുത്തു. ഉടൻ തന്നെ മനസ്സിലാക്കിക്കൊടുത്തു. ഇല്ലെങ്കിൽ ജനങ്ങൾ അതിന്റെ എന്ത് വ്യാഖ്യാനം ചെയ്യുമെന്ന് ആർക്കറിയാം.

എപ്രകാരമാണ് വ്യക്തി അന്ധകാരത്തിൽ നിന്നും അന്ധകാരത്തിലേക്ക് ഓടുന്നത്? ജീവനിൽ അന്ധകാരമാണ്. ലോകത്തിന്റെ ഭാഷയിൽ വലിയ ദാരിദ്രമാണ്. പണസംബന്ധമായ ദാരിദ്രം. മാനസീക ദാരിദ്രം. വളരെ വ്യാകുലൻ. എല്ലാതരത്തിലും വ്യാകുലനാണ് എന്നിരുന്നാലും ക്രോധം ഉണർത്തുന്നു, ദ്വേഷം ഉണർത്തുന്നു – ഞാൻ ഇതിന്റെ കാരണത്താലാണ് ദുഃഖിതനായിരിക്കുന്നത്. ഇയാൾ ഇപ്രകാരം ചെയ്തു ഇതിനാലാണ് ദുഃഖിതൻ. ഇവൻ ഇങ്ങനെ, അവൻ ഇങ്ങനെ. അപ്പോൾ ദ്വേഷം തന്നെ ദ്വേഷം, ദ്വേഷം തന്നെ ദ്വേഷം. അയ്യോ, ഈ സമയത്താകട്ടെ ദുഃഖിതൻ തന്നെയാണ്. മുന്നോട്ടും ദുഃഖത്തിന്റെ തന്നെയാണ് നിർമ്മാണം ചെയ്തുകൊണ്ടിരിക്കുന്നത്, ദുഃഖം തന്നെയാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ദുഃഖത്തിന്റെ വിത്താണ് വിതച്ചു കൊണ്ടിരിക്കുന്നത്, പിന്നീടും ദുഃഖം തന്നെ ദുഃഖം. അതിനാൽ ഇരുട്ടിലാണ് കൂടാതെ ഇരുട്ടിലേക്കു തന്നെയാണ് ഓടിക്കൊണ്ടിരിക്കുന്നത്.

രണ്ടാമത്തെ തരത്തിലുള്ള വ്യക്തി പ്രകാശത്തിലാണ്, അതായത് ലോകഭാഷയിൽ ധനമുണ്ട്, പണമുണ്ട്, അഭിമാനമുണ്ട്, മാന്യതയുണ്ട്, പഥവിയുണ്ട്, സൗകര്യമുണ്ട്. എല്ലാം തന്നെ ഉണ്ട്. ഉള്ളിൽ പ്രജ്ഞ ഇല്ല. ബോധമില്ല. ധർമ്മമില്ല. അതിനാൽ ഉള്ളിന്റെ ഉള്ളിൽ ഇത്ര അഭിമാനം, ഇത്ര അഹങ്കാരം. ബാക്കി എല്ലാവരെയും വെറുക്കുന്നു. അയ്യോ, ഇവർ പ്രയോജനമില്ലാത്തവരാണ്. നോക്കൂ, ഞാൻ ഇത്ര ബുദ്ധിമാനാണ്. ഇതിനാലാണ് ധനവാനായത്. ഞാൻ ഇത്ര പരിശ്രമകാരിയാണ്, ഇതിനാലാണ് ഞാൻ ധനവാനായത്. ലഹരി തന്നെ ലഹരി, ലഹരി തന്നെ ലഹരി. മറ്റുള്ളവരെ ഒരുപാട് വെറുക്കുന്നു. അതിനാൽ വിത്ത് അഹങ്കാരത്തിന്റെയാണ് വിതച്ചു കൊണ്ടിരിക്കുന്നത്, ദുഃഖത്തിന്റെയാണ് വിതച്ചു കൊണ്ടിരിക്കുന്നത്, വ്യാകുലതയുടെയാണ് വിതച്ചു കൊണ്ടിരിക്കുന്നത്. ഈ സമയത്ത് പ്രകാശമുണ്ട് എന്നാൽ അന്ധകാരത്തിലേക്കാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഭാവിയിലാകട്ടെ അന്ധകാരം തന്നെ അന്ധകാരം, അന്ധകാരം തന്നെ അന്ധകാരം.

മൂന്നാമത്തെ വ്യക്തി, ആദ്യത്തേതുപോലെ അന്ധകാരമുണ്ട്. വളരെ അന്ധകാരമുണ്ട്, ഉള്ളിൽ പ്രജ്ഞ ഉണർന്നുകൊണ്ടിരിക്കുകയാണ്. അയ്യോ, ഇത് എന്തു തന്നെയായാലും, എന്റെ ഏതോ പാപകർത്തിന്റെ ഫലത്താലാണ് സഹോദര. മറ്റാർക്കെങ്കിലും എന്തു ദോഷം കൊടുക്കാനാണ് ഞാൻ എന്റെ കർമ്മം നന്നാക്കേണ്ടതുണ്ട്! അതിനാൽ മറ്റുള്ളവരുടെ നേർക്ക് മംഗളമൈത്രി ഉണർത്തുന്നു, കരുണ ഉണർത്തുന്നു, സദ്ഭാവന ഉണർത്തുന്നു. ആരെയെങ്കിലും പ്പറ്റി ക്രോധമില്ല, ദ്വേഷമില്ല. അതിനാൽ മുന്നോട്ടും പ്രകാശം തന്നെ പ്രകാശം, പ്രകാശം തന്നെ പ്രകാശം.

നാലാമത്തെ വ്യക്തി പ്രകാശത്തിലാണ്. രണ്ടാമത്തെ വ്യക്തിയെ പോലെ ധനമുണ്ട്, പണമുണ്ട്, അഭിമാനമുണ്ട്, പഥവിയുണ്ട്, മാന്യതയുണ്ട്, സത്കാരമുണ്ട്. എല്ലാം തന്നെയുണ്ട് ഒപ്പംഒപ്പം പ്രജ്ഞയുമുണ്ട്. അയ്യോ, ഈ ഏതൊന്ന് പ്രാപ്തമായോ, സ്വന്തം ഏതോ പൂർവ്വകർമ്മത്തിന്റെ കാരണത്താലാണ് ഉണ്ടായത്. എല്ലായപ്പോഴേക്കു മുള്ളതല്ല. മുന്നോട്ടും ഇപ്രകാരം തന്നെ ആകണം. അതിനാൽ ജനങ്ങളുടെ സേവ ചെയ്യുന്നു. ഏതൊന്ന് പ്രാപ്തമായോ, അതിനെ വിതരണം ചെയ്യുന്നു. മറ്റുള്ളവരെപ്പറ്റി മംഗളഭാവം, മംഗളഭാവം. മുന്നോട്ടും പ്രകാശം തന്നെ പ്രകാശം, പ്രകാശം തന്നെ പ്രകാശം.

ആദ്യത്തെയോ രണ്ടാമത്തെയോ വ്യക്തി ആയിത്തീരരുത്. മൂന്നാമത്തെതാകണം അല്ലെങ്കിൽ നാലാമത്തെതാകണം. ഈ സമയം പ്രകാശവും ആകാം, അന്ധകാരവും ആകാം. മുന്നോട്ടാകട്ടെ പ്രകാശം തന്നെ പ്രകാശം, പ്രകാശം തന്നെ പ്രകാശം. കൂടാതെ അത് ധർമ്മധാരണം ചെയ്താലല്ലെ ആകുകയുള്ളു. വെറും സംസാരത്താൽ എങ്ങനെ ആകും. ധർമ്മം ധാരണം ചെയ്യണം. വിപശ്യനയുടെ ആധാരത്തിൽ ചിത്തത്തിലെ വികാരങ്ങളെ നീക്കം ചെയ്യണം. നിർമ്മലമാക്കി നോക്കൂ, മുന്നോട്ട് പ്രകാശം തന്നെ പ്രകാശം, മംഗളം തന്നെ മംഗളം. നന്മ തന്നെ നന്മ, സ്വസ്ഥി തന്നെ സ്വസ്ഥി, മുക്തി തന്നെ മുക്തി.